**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1730** **16-10-2026-ൽ മറുപടിയ്ക്ക്**

**ഗിഗ് തൊഴിലാളികൾക്കായി വിശ്രമകേന്ദ്രങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. അപ്പു ജോൺ ജോസഫ്

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

ശ്രീ. ഷിബു തെക്കുംപുറം

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ

(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ഗിഗ് തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ലക്ഷ്യമിട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

**മറുപടി:** ഗിഗ് തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത് സർക്കാരിൻറെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പദ്ധതികളിൽ ഒന്നാണ് .

സംസ്ഥാനത്തെ ഇ-കൊമേഴ്സ്, ഭക്ഷ്യവിതരണ സേവനങ്ങൾ, കാബ് അഗ്രിഗേറ്റർ സേവനങ്ങൾ, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ആരോഗ്യവും ക്ഷേമവും, തൊഴിൽ ക്ഷമതയും മെച്ചപ്പെടുത്തുന്നതിനും അവരുടെ തൊഴിൽ സാഹചര്യങ്ങൾ കൂടുതൽ സുരക്ഷിതവും മാനുഷികവുമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഗിഗ് തൊഴിലാളികൾക്കായി വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

**(ബി)** മതിയായ വിശ്രമവും സൗകര്യങ്ങളും അന്യമായ ഗിഗ് തൊഴിലാളികൾക്കായി വിശ്രമ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

**മറുപടി:** ഗിഗ് തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നത് സർക്കാരിൻറെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന പദ്ധതികളിൽ ഒന്നാണ് .

സംസ്ഥാനത്തെ ഇ-കൊമേഴ്സ്, ഭക്ഷ്യവിതരണ സേവനങ്ങൾ, കാബ് അഗ്രിഗേറ്റർ സേവനങ്ങൾ, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ആരോഗ്യവും ക്ഷേമവും, തൊഴിൽ ക്ഷമതയും മെച്ചപ്പെടുത്തുന്നതിനും അവരുടെ തൊഴിൽ സാഹചര്യങ്ങൾ കൂടുതൽ സുരക്ഷിതവും മാനുഷികവുമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഗിഗ് തൊഴിലാളികൾക്കായി വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

**(സി)** ഏതെങ്കിലും ജില്ലകളിൽ പ്രസ്തുത വിശ്രമകേന്ദ്രങ്ങൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ23.09.2026 തീയതി മുതൽ വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ദിവസേന രാവിലെ 8 മണി മുതൽ രാത്രി 10 മണി വരെയാണ് നിലവിൽ പ്രവർത്തനസമയം. ഒരേസമയം 50 തൊഴിലാളികൾക്ക് വിശ്രമിക്കാനാകുന്ന വിധത്തിലാണ് ഗിഗ് തൊഴിലാളി വിശ്രമകേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ വിശ്രമ കേന്ദ്രത്തിലും ഇരിപ്പിടങ്ങൾ, മൊബൈൽ ചാർജിങ് സൗകര്യം, ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ശൗചാലയങ്ങൾ, പ്രഥമ ശുശ്രൂഷ സൗകര്യം, ടെലിവിഷൻ, സിസിടിവി നിരീക്ഷണ സംവിധാനം, ഡിജിറ്റൽ ഹെല്പ് ഡെസ്ക് എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**(ഡി)** പദ്ധതിയുടെ അടുത്ത ഘട്ടമായി നഗരങ്ങളിൽ കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്നതിനും രണ്ടാംനിര പട്ടണങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനും തയ്യാറാകുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഗിഗ് തൊഴിലാളികൾക്കായുള്ള വിശ്രമകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനും കൂടാതെ നഗരങ്ങളിൽ കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആലോചനയുണ്ട്.

**സെക്ഷൻ ഓഫീസർ**